**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4983** **20-07-2022 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിന് നിയമ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിന് നിയമ നിർമ്മാണം നടത്താൻ ഉദ്ദേശ്യമുണ്ടോ; | (എ) | എ) സംസ്ഥാനത്തെ 'അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെയും അവരുടെ കുടുംബങ്ങളുടെയും ക്ഷേമവും സാമൂഹ്യ സാമ്പത്തിക സുരക്ഷയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ 2008ലെ അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ആക്ടിലെ 3-ാം വകുപ്പ് (4)-ാം ഉപവകുപ്പും 2010-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ചട്ടങ്ങളിലെ 4-ാം ചട്ടവും (1)-ാം ഉപവകുപ്പും പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ച് കൊണ്ട് 2015 ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാപദ്ധതി നിലവിൽ പ്രവർത്തിച്ച് വരുന്നുണ്ട്. |
| (ബി) | അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സംരക്ഷണത്തിനായി നടത്തുന്ന ഇടപെടലുകളെ കുറിച്ച് വിശദമാക്കാമോ; | (ബി) | ബി) അസംഘടിത മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും സാമൂഹ്യ സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിനും കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാപദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. പദ്ധതിയിൽ അംഗത്വം നിലനിർത്തുന്ന കാലയളവിൽ വിവാഹധനസഹായം, പ്രസവ ധനസഹായം, അവശതാ പെൻഷൻ, കുടുംബപെൻഷൻ, വിദ്യാഭ്യാസാനുകൂല്യം ചികിത്സാ സഹായം എന്നിവയും 60 വയസ്സ് പൂർത്തിയായി പദ്ധതിയിൽ നിന്ന് വിരമിക്കുന്നവർക്ക് വാർദ്ധക്യകാല ക്ഷേമം ഉറപ്പ് വരുത്തുന്നതിന് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ക്ഷേമനിധി പെൻഷൻ എന്നിവ അനുവദിച്ച് വരുന്നു.<br><br>കോവിഡ് വ്യാപനം മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടതിനെ തുടർന്ന് പദ്ധതിയിൽ |

| | | | |
|---|---|---|---|
| | | | അംഗത്വം നേടിയിട്ടുള്ള എല്ലാ അംഗങ്ങൾക്കും 1000/-രൂപ നിരക്കിൽ രണ്ടു തവണയായി പ്രത്യേക ധനസഹായം അനുവദിച്ചിട്ടുള്ളതാണ്. കൂടാതെ കോവിഡ് ബാധിച്ച് ചികിത്സയിൽ കഴിഞ്ഞവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കും പദ്ധതിയുടെ സഞ്ചിത നിധിയിൽ നിന്നും ആനുകൂല്യം അനുവദിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ് |
| (സി) | ഭക്ഷണം ഉൾപ്പെടെയുള്ള സാധന വിതരണ രംഗത്ത് ഗണ്യമായ എണ്ണമുള്ള ഗിഗ് വർക്കേഴ്സിന്റെ ക്ഷേമം ഉറപ്പ് വരുത്തുന്നതിന് ശ്രദ്ധപതിപ്പിക്കുമോയെന്ന് അറിയിക്കാമോ; | (സി) | സി) മറ്റ് ക്ഷേമ പദ്ധതിയിൽ അംഗമാകാത്ത ഗിഗ് വർക്കേഴ്സിന് കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗമാകാവുന്നതാണ്. അംഗമാകുന്ന മുറയ്ക്ക് പദ്ധതി നിഷ്കർഷിക്കുന്ന ആനുകൂല്യങ്ങൾ അർഹതയ്ക്കനുസരിച്ച് ലഭ്യമാകുന്നതാണ് |
| (ഡി) | ഗാർഹിക തൊഴിൽ രംഗത്ത് സേവനവും വേതനവും നിയതമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;വ്യക്തമാക്കാമോ? | (ഡി) | ഡി) പ്രൈവറ്റ് പ്ലേസ്മെന്റ് എജൻസി മുഖേനയുള്ള ഗാർഹിക തൊഴിലാളികളുടെ നിയമനം, കരാർ, ജോലി കാലയളവ്, വേതനം, ജോലി സമയം, തൊഴിലാളികളുടെ അവകാശങ്ങൾ, ജോലി തർക്കങ്ങൾ, അത് പരിഹരിക്കാനുള്ള സംവിധാനം, തൊഴിലാളികൾക്കെതിരെയുള്ള ചൂഷണം തടയൽ, സാമൂഹിക സുരക്ഷിതത്വം, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥകൾ എന്നിവ ഉൾപ്പെടുത്തിയും അവയുടെ സംരക്ഷണവും ലക്ഷ്യമിട്ടുകൊണ്ട് തയ്യാറാക്കിയ Kerala Domestic Workers (Regulation of Employment and Conditions of Service) Bill 2020 ( കരട്) -ലെ വ്യവസ്ഥകൾ പൂർണ്ണമായും കേരള നിയമ പരിഷ്കരണ കമ്മീഷന്റെ 14-ാമത് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള Kerala Domestic Workers (Regulation Welfare) Bill 2021 (കരട്) ലെ വ്യവസ്ഥകൾ ഭാഗികമായും ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു പുതിയ ബിൽ രൂപീകരിക്കുന്നതിന് നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ